LIBRARY ARCHIVES Kerala Legislative Assembly

തവനൂർ മണ്ഡലത്തിലേയ്ക്ക് കുടിവെള്ള പദ്ധതി

153 (3587) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 സാമ്പത്തിക വർഷത്തിൽ വരൾച്ചാ ദുരിതാശ്വാസ നിധിയിൽ നിന്നും തവനൂർ മണ്ഡലത്തിലേക്കുള്ള കുടിവെള്ള പദ്ധതികൾക്കുവേണ്ടി ഉക അനുവദിച്ചിരുന്നോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികൾക്ക് എത്ര ഉക വീതമായിരുന്നു അനുവദിച്ചിരുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പ്രവർത്തികളാണ് പൂർത്തിയായതെന്നും ഇനി ഏതെല്ലാം പദ്ധതികളാണ് പൂർത്തിയാക്കാനുള്ളതെന്നും വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയാക്കാനുള്ള പദ്ധതികൾ എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുവദിച്ചിരുന്നു.

(ബി-ഡി) 2013-14 സാമ്പത്തിക വർഷത്തിൽ ജില്ലാ കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ നിധിയിൽനിന്നും കേരള വാട്ടർ അതോറിറ്റിക്ക് എട്ട് പ്രവൃത്തികൾക്കായി 82.58 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ വരൾച്ചാ ദുരിതാശ്വാസപ്രവർത്തനങ്ങൾക്കായി അനുവദിച്ച 57 കോടി രൂപയിൽ നിന്നും ഒമ്പത് പ്രവൃത്തികൾക്കായി 106 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* കൂടാതെ ജലവിഭവവകുപ്പിന് കാലടി പഞ്ചായത്തിലെ മഞ്ഞിളിയം കുന്നിൽ ഹാൻഡ് പമ്പ് പദ്ധതിക്കായി 76,802 രൂപ അനുവദിച്ചു.

തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ പ്രവൃത്തികൾ

154 (3588) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ജലവിഭവ വകുപ്പിനുകീഴിൽ ഏതെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര ഉക നീക്കിവെച്ചെന്നും ഓരോ പ്രവൃത്തികളും ഏതു ഘട്ടത്തിലാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ&ബി) തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ജലവിഭവ വകുപ്പിനു കീഴിലുള്ള പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു :

പ്രവൃത്തിയുടെ പേര്	ഭരണാനുമതി ലഭിച്ച തുക	നിലവിലുള്ള സ്ഥിതി
ജലസേചന വകുപ്പ്		
1. കണ്ണൂർ ജില്ലയിലെ നൃമാഹി ഗ്രാമപഞ്ചായത്തിൽ പരിമലം കല്ലിൽ താഴെയിൽ സി.പി. സ്റ്റോൺ 2145 ന് തെക്ക് വശത്ത് തകർന്ന കടൽ ഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തി	25.00 ലക്ഷം	3 തവണ ടെണ്ടർ ചെയ്യുകയും ഒരു തവണ ക്വട്ടേഷൻ വിളിക്കുകയും ചെയ്തെങ്കിലും കരാറുകാരിൽനിന്നും പ്രതികരണമൊന്നും ഉണ്ടായിട്ടില്ല.
2. കണ്ണൂർ ജില്ലയിലെ നൃമാഹി ഗ്രാമപഞ്ചായത്തിൽ പരിമലം കല്ലിൻ താഴെയിൽ സി.പി. സ്റ്റോൺ 2145-ന് സമീപം തകർന്ന കടൽഭിത്തിയുടെ പുനർനിർമ്മാണ പ്രവൃത്തി	40.00 ലക്ഷം	3 തവണ ടെണ്ടർ ചെയ്യുകയും രണ്ടുതവണ ക്വട്ടേഷൻ വിളിക്കുകയും ചെയ്തെങ്കിലും കരാറുകാരിൽനിന്നും പ്രതികരണമൊന്നും ഉണ്ടായിട്ടില്ല.
3. തലശ്ശേരി മുനിസിപ്പാലിറ്റിയിലുള്ള കണ്ടുചിറ അണക്കെട്ടിന്റെ റിപ്പയർ പ്രവൃത്തി	6.00 ലക്ഷം	പ്രവൃത്തി പൂർത്തീകരിച്ചു.
4. പന്ന്യന്നൂർ പഞ്ചായത്തിലുള്ള ചടാലപ്പുഴ ചെക്ക്ഡാമിന്റെ പുനരുദ്ധാരണ പ്രവൃത്തി	13.20 ലക്ഷം	ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.
5. എരഞ്ഞോളി പഞ്ചായത്തിലുള്ള ഉമ്മൽ ചിറ അണക്കെട്ടിന്റെ പുനർ നിർമ്മാണം	70.50 ലക്ഷം	ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കേരള ജല അതോറിറ്റി

1. തലശ്ശേരി കുടിവെള്ള പദ്ധതിയുടെ നവീകരണം (SAARK)	4950 ലക്ഷം	ഈ പദ്ധതിയുടെ 19 കി.മീറ്ററോളം വരുന്ന സി.ഐ. പമ്പിംഗ് മെയിൻ സ്ഥാപിക്കൽ 2014 ൽ പൂർത്തികരിച്ചു. കൂടാതെ ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ള പൊയ്യ ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി 389 ലക്ഷം രൂപ കെ.എസ്.ഇ.ബി.-യിൽ അടച്ചിട്ടുണ്ട്.
2. തലശ്ശേരി നഗരസഭ കുടിവെള്ള പദ്ധതിയുടെ വിപുലീകരണം (UIDSSMT)	4120 ലക്ഷം	ഈ പദ്ധതിയുടെ 1-ാം പാക്കേജിന്റെ 93 ശതമാനവും 2-ാം പാക്കേജിന്റെ 82 ശതമാനവും 3-ാം പാക്കേജിന്റെ 80 ശതമാനവും 4-ാം പാക്കേജിന്റെ 100 ശതമാനവും പൂർത്തീകരി ച്ചിട്ടുണ്ട്.
3.KSCADC ചാലിൽ ഗോപാൽപേട്ട ഫിഷിംഗ് വില്ലേജിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതി	106.35 ലക്ഷം	20-5-2015 ന് കരാർ ഒപ്പിട്ടു.
4. 2015 ലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി 6 സ്ഥലങ്ങളിൽ പൈപ്പ്‌ലൈൻ നീട്ടുന്ന പ്രവൃത്തി	20.85 ലക്ഷം	എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു.
5. മലബാർ ക്യാൻസർ സെന്ററിലേയ്ക്കുള്ള കുടിവെള്ള പദ്ധതി	180.00 ലക്ഷം	പ്രവൃത്തി പൂർത്തീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ജല വകുപ്പ്

1. കതിരൂർ പഞ്ചായത്തിലെ കറ്റേരിച്ചാൽ ലക്ഷംവീട് കടിവെള്ള പദ്ധതി	2,89,189	പൂർത്തീകരിച്ചു.
2. തലശ്ശേരി പഞ്ചായത്തിൽ മമ്പള്ളിക്കുന്ന് അംഗനവാടി കഴൽകിണർ നിർമ്മാണം	56,910	പൂർത്തീകരിച്ചു എങ്കിലും ആവശ്യമായ അളവിൽ ജലം ലഭിക്കാത്തതിനാൽ ഹാൻഡ് പമ്പ് സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ജലനിധി

ജലനിധിയുടെ രണ്ടാംഘട്ടത്തിൽ രണ്ടാം ബാച്ചിൽ തലശ്ശേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കതിരൂർ ഗ്രാമപഞ്ചായത്തിൽ 7 ചെറുകിട കടിവെള്ള പദ്ധതികൾ	5.03 കോടി	നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്.

ഇറവൂർ പബ്ലിക് ഹെൽപ്പ് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം

155 (3589) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ ഇറവൂർ ആസ്ഥാനമാക്കി 2015 മേയ് 15-ാം തീയതി മുതൽ പ്രവർത്തനമാരംഭിച്ച ഇറവൂർ പബ്ലിക് ഹെൽത്ത് സെക്ഷൻ ഓഫീസിൽ വെള്ളക്കരം സ്വീകരിക്കുവാൻ സൗകര്യമില്ലാത്തതുമൂലം ജനങ്ങൾക്കുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അടിയന്തരമായി ഓഫീസ് കമ്പ്യൂട്ടർവത്ക്കരിച്ച് വെള്ളക്കരം സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

553/16

LIBRARY ARCHIVES Kerala Legislative Assembly